**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4747** | **02-07-2024 - ൽ മറുപടിയ്ക്ക്**

**അക്വാകൾച്ചർ ഡെവലപ്മെന്റിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറക്കൽ ഫാമിലെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറയ്ക്കൽ ഫാമിലെ ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 5 വർഷത്തേക്ക് അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകി സ.ഉ.(സാധാ) നം.740/2020/മ.തു.വ തീയതി 22/12/2020 പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. ഫിഷറീസ് വകുപ്പിൽ നിന്നും മത്സ്യഫെഡിന് പാട്ടത്തിന് നൽകിയ പ്രസ്തുത സ്ഥലം പാട്ടകാലാവധി പൂർത്തിയായ മുറയ്ക്കാണ് അഡാക്കിന് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം മത്സ്യഫെഡിൽ നിന്നും അഡാക്കിന് കൈമാറിക്കിട്ടിയിട്ടില്ലാത്തതിനാൽ അക്വാകൾച്ചർ ഡെവലപ്മെന്റിനായുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | എങ്കിൽ എന്നാണ് സ്ഥലം അനുവദിച്ചതെന്നും ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ; | (ബി) | വൈപ്പിൻ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറയ്ക്കൽ ഫാമിലെ ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 5 വർഷത്തേക്ക് അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകി സ.ഉ.(സാധാ) നം.740/2020/മ.തു.വ തീയതി 22/12/2020 പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. ഫിഷറീസ് വകുപ്പിൽ നിന്നും മത്സ്യഫെഡിന് പാട്ടത്തിന് നൽകിയ പ്രസ്തുത സ്ഥലം പാട്ടകാലാവധി പൂർത്തിയായ മുറയ്ക്കാണ് അഡാക്കിന് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം മത്സ്യഫെഡിൽ നിന്നും അഡാക്കിന് കൈമാറി ക്കിട്ടിയിട്ടില്ലാത്തതിനാൽ അക്വാകൾച്ചർ ഡെവലപ്മെന്റിനായുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥലത്ത് അക്വാകൾച്ചർ ഡെവലപ്മെന്റിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ | (സി) | വൈപ്പിൻ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറയ്ക്കൽ ഫാമിലെ |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 5 വർഷത്തേക്ക് അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് പാട്ടത്തിന് നൽകുന്നതിന് അനുമതി നൽകി സ.ഉ.(സാധാ) നം.740/2020/മ.തു.വ തീയതി 22/12/2020 പ്രകാരം ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. ഫിഷറീസ് വകുപ്പിൽ നിന്നും മത്സ്യഫെഡിന് പാട്ടത്തിന് നൽകിയ പ്രസ്തുത സ്ഥലം പാട്ടകാലാവധി പൂർത്തിയായ മുറയ്ക്കാണ് അഡാക്കിന് അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥലം മത്സ്യഫെഡിൽ നിന്നും അഡാക്കിന് കൈമാറി കിട്ടിയിട്ടില്ലാത്തതിനാൽ അക്വാകൾച്ചർ ഡെവലപ്മെന്റിനായുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറയ്ക്കൽ ഫാമിൽ ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 5 വർഷത്തേക്ക് അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**സ.ഉ.(സാധാ) നം.740/2020/മ.തു.വ** തീയതി,തിരുവനന്തപുരം, 22/12/2020

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 12-10-2020, 3-11-2020 തീയതികളിലെ കെ1/2429/2020 നമ്പർ കത്ത്.

**ഉത്തരവ്**

ഞാറയ്ക്കൽ ഫാമിൽ മത്സ്യഫെഡിന്റെ അക്വേറിയം ഫാം സ്ഥിതി ചെയ്യുന്ന സ്ഥലം ഒഴികെ ഉപയോഗിക്കാത്ത സ്ഥലം ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത് അഡാക്ക് മുഖേന ശരിയായ രീതിയിൽ വിനിയോഗിക്കുന്നത് സംബന്ധിച്ച് തീരുമാനം ബഹു. ഫിഷറീസ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 19/05/2018, 14/11/2018 എന്നി തീയതികളിൽ നടന്ന യോഗത്തിൽ കൈക്കൊണ്ടിരുന്നുവെന്നും, ഇതിൻപ്രകാരം മൊത്തമുള്ള 16.33 ഹെക്ടർ സ്ഥലത്തു നിന്നും 5.8 ഹെക്ടർ സ്ഥലം കൈമാറി നൽകണമെന്ന് അഡാക്ക് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും, ശേഷിക്കുന്ന 10.53 ഹെക്ടർ സ്ഥലവും നിലവിലുള്ള 5.30 ഹെക്ടർ സ്ഥലവും മത്സ്യഫെഡിന്റെ ഭാവിയിലുള്ള പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണെന്നും, ആയതിനാൽ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറയ്ക്കൽ ഫാമിൽ ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 5 വർഷത്തേക്ക് അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് അനുവദിക്കുന്നതിലേക്കുള്ള നടപടി സ്വീകരിക്കണമെന്നും ഫിഷറീസ് ഡയറക്ടർ മേൽ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

(2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഞാറയ്ക്കൽ ഫാമിൽ ഉപയോഗിക്കാത്ത 5.8 ഹെക്ടർ സ്ഥലം 5 വർഷത്തേക്ക് അക്വാകൾച്ചർ ഡെവലപ്മെന്റിനായി അഡാക്കിന് അനുവദിക്കുന്നതിനായുള്ള ഫിഷറീസ് ഡയറക്ടറുടെ ശുപാർശ അംഗീകരിച്ച് ഉത്തരവാകുന്നു. ടി സ്ഥലം അഡാക്കിന് പാട്ടത്തിനു നൽകുന്നതിനായുള്ള തുടർ നടപടികൾ ഫിഷറീസ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
ഡെപ്യൂട്ടിസെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, അഡാക്ക്
മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Sheeba

സെക്ഷൻ ഓഫീസർ





Generated from eOffice by VINENDRAN.K, SPTC DFTVM, SPTC DFTVM, DIRECTORATE OF FISHERIES on 27/06/2024 10:55 AM